**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2903** | **10/03/2017 ൽ മറുപടിയ്ക്ക്**

## കാപ്പക്സ് ഫാക്ടറിയിൽ സ്ത്രീ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ

**ചോദ്യം**
**ശ്രീ.ബി.സത്യൻ**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കിളിമാനൂരിലെ കാപ്പക്സ് ഫാക്ടറിയിൽ സ്ത്രീ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സൗകര്യങ്ങൾ പര്യാപ്തമാണോ; പര്യാപ്ത മല്ലെങ്കിൽ വർദ്ധിപ്പിക്കുമോ ; | (എ) | കിളിമാനൂരിൽ കാപെക്സിന് ഫാക്ടറി ഇല്ല. |
| (ബി) | പ്രസ്തുത ഫാക്ടറിയിൽ എത്ര പ്രവൃത്തി ദിനങ്ങൾക്കുള്ള കശുവണ്ടി സംഭരിച്ചിട്ടുണ്ട് ; | (ബി) | ബാധകമല്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പുരോഗമന മാണ് കശുവണ്ടി വ്യവസായ മേഖലയിൽ നടത്തിയത് ; | (സി) | കശുമാവ് കൃഷി പ്രോത്സാഹിപ്പി ക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം) തൈകൾ, 'മുറ്റത്തൊരു കശുമാവ്', കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം) തൈകൾ വിതരണം ചെയ്തു വരുന്നു. കേരളത്തിലെ സ്ഥല ദൗർലഭ്യം പരിഗണിച്ച് ഇതര സംസ്ഥാനങ്ങളിൽ |

| | | | |
|---|---|---|---|
| | | | അനുയോജ്യമായ സ്ഥലം കണ്ടെത്തി കശുമാവ് കൃഷി നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. ആന്ധ്രാപ്രദേശിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യാനുള്ള പദ്ധതി സംബന്ധിച്ച് ആന്ധ്രാപ്രദേശ് സർക്കാരുമായി ആലോചിച്ച് വരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലയിലെ എല്ലാ ഫാക്ടറികളും സ്വകാര്യമേഖലയിലെ ഭൂരിഭാഗം ഫാക്ടറികളും അടഞ്ഞു കിടക്കുക യായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ് പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറി കളെല്ലാം തുറന്നു പ്രവർത്തിച്ചത്. 428 ലധികം സ്വകാര്യ ഫാക്ടറികൾ ഇപ്പോൾ തുറന്നു പ്രവർത്തിച്ചു വരുന്നു. കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുമായും മുഖ്യമന്ത്രിയുമായും നടത്തിയ ചർച്ചയെ തുടർന്ന് വരും മാസങ്ങളിൽ ചില സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. |
| (ഡി) | സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് മേൽ ഗവൺമെന്റിന് അധികാരമുണ്ടോ; അടച്ചു കിടക്കുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരി ക്കുമോ; തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) | തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാ ക്കുന്നതിനും അവരുടെ ക്ഷേമം മുൻ നിർത്തിയും സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പി ക്കുന്നതിനുള്ള നിരന്തര പരിശ്രമങ്ങൾ സർക്കാർ നടത്തി വരികയാണ്. തോട്ടണ്ടി ലഭ്യമായിട്ടും മനഃപൂർവ്വം ഫാക്ടറികൾ പൂട്ടിയിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറിഉടമകൾക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാരിന് അധികാരമുണ്ട്. അത്തരം നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. |

Smitha

സെക്ഷൻ ഓഫീസർ